# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1771 17.03.2015-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ. ആർ.സെൽവരാജ്**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. ടി.എൻ.പ്രതാപൻ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) മിഷൻ 676 ന്റെ ഭാഗമായി സംസ്ഥാനത്ത് സേവനാവകാശ നിയമം രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കമോ ;<br><br>(ബി) സേവനാവകാശ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;<br><br>(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) യും (ബി) യും (സി) യും<br><br>പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കും വേണ്ടി കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 2012 നവംബർ 1-ാം തീയതി നിലവിൽ വരുകയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ 27.10.2012-ലെ സ.ഉ. (പി) 56/2012/ഉ.ഭ.പ.വ. ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മിഷൻ 676 ന്റെ ഭാഗമായി സംസ്ഥാനത്ത് സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നു. കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 3-ാം വകുപ്പ്പ്രകാരം, ഓരോ വകുപ്പും, ഓരോ വകുപ്പ്മേധാവിയും, പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ (ടി നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ), നിയുക്ത ഉദ്യോഗസ്ഥർ, നിശ്ചിത സമയപരിധി, |

ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളുടെയും/ സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ, സേവനാവകാശ ആക്റ്റിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും ഓരോ സേവനങ്ങളും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെപ്പറ്റിയുള്ള വിവരവും, പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധമായ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ

വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സേവനാവകാശ നിയമം ഓരോ വകുപ്പിലും നടപ്പാക്കുന്നത് ആരുടെ നേതൃത്വത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ ?

(ഡി) സേവനാവകാശ നിയമം ഓരോ വകുപ്പിലും നടപ്പാക്കുന്നതിന് വകുപ്പ് സെക്രട്ടറിമാരെയും വകുപ്പദ്ധ്യക്ഷന്മാരെയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഓരോ വകുപ്പിലും ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതിന് ടി നിയമം 3-ാം വകുപ്പ് പ്രകാരം നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവരെ അതത് വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

സെക്ഷൻ ഓഫീസർ